## KOLLAM Today



**ബ**സേലിയോസ് മാത്യൂസ് എൻജിനിയറിങ് കോളെജിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര എൻജിനിയറിങ് കോൺഫറൻസ്. ഹോട്ടൽ ബീച്ച് ഓർക്കിഡ് 9.00

**ആ**ദിനാട് തെക്ക് കരുപ്പോലിൽകാവ് ഭഗവതി ക്ഷേത്രത്തിൽ ഉത്സവം. തോറ്റംപാട്ട് രാവിലെ 7.30നും രാത്രി 8.30നും. ഭാഗവതപാരായണം 8.30

**തെ**ക്കൻ ഗുരുവായൂർ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ ഉത്സവം. ഭാഗവതപാരായണം 8.00, അരങ്ങേറ്റസന്ധ്യ വൈകിട്ട് 7.30

**പു**തിയകാവ് ഭഗവതിക്ഷേത്രത്തിൽ ആധ്യാത്മിക പ്രഭാഷണം. വൈകിട്ട് 6.00

**വി**ദ്യാഭ്യാസവായ്പ എടുത്തവരുടെ യോഗം. കൊല്ലം മർച്ചന്റ്സ് അസോസിയേഷൻ ഹാൾ 2.00.

**പേ**രൂർ കരുനല്ലൂർ ഭഗവതിക്ഷേത്രത്തിൽ ഉത്സവം. അഖണ്ഡനാമജപം 6.00, സമൂഹസദ്യ 11.00, ഗാനമേള രാത്രി 9.00

# ബ്ളോക്ക് പഞ്ചായത്ത് അംഗത്തിന് ഗുണ്ടാമർദ്ദനം

പുനലൂർ: പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാനും സി.പി.ഐ.പിടവൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമായ കമുകുംചേരി എള്ളുംവിള വീട്ടിൽ കിരൺ കെ.കൃഷ്ണ(30)യെ നടുറോഡിൽ ഗുണ്ടകൾ മർദ്ദിച്ചു.

ഇന്നലെ രാവിലെ 9.30ന് പുനലൂർ പോസ്റ്റ് ഓഫീസ് ജംഗ്ഷനു സമീപത്തെ പെട്രോൾ പമ്പിനു മുന്നിലായിരുന്നു സംഭവം.

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ജോലിചെയ്യുന്ന ഭാര്യയെ കെ.എസ്. ആർ. ടി.സി.ജംഗ്ഷനിൽ നിന്ന് ബസ് കയറ്റിവിട്ട് ബൈക്കിൽ മടങ്ങുമ്പോഴാണ് ആക്രമണം.

കെ.എസ്. ആർ.ടി.സി. ജംഗ്ഷൻ മുതൽ കാറിൽ പിന്തുടർന്ന സംഘം പോസ്റ്റ് ഓഫീസ് ജംഗ്ഷനു സമീപത്തു വച്ച് ബൈക്ക് തടഞ്ഞ് കിരണിനെ മർദ്ദിക്കുകയായിരുന്നു.



ബൈക്കിൽ നിന്ന് കിരൺ കെ.കൃഷ്ണയെ റോഡിലേക്ക് തള്ളിയിട്ട് ബൈക്ക് വലിച്ചെറിയാനും ശ്രമം നടത്തി. സമീപത്തുണ്ടായിരുന്നവർ തടിച്ചുകൂടിയതോടെ അക്രമികൾ കാറിൽ രക്ഷപ്പെട്ടു.

പുനലൂർ സ്വദേശി രതീഷ്, മാമ്പഴത്തറ സ്വദേശി പ്രതാപൻ എന്നിവരാണ് അക്രമികളെന്ന് പോലീസിന് സൂചന ലഭിച്ചിട്ടുണ്ട്. ഇവരുടെ മൊബൈൽ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും സ്വിച്ച്ഓഫ് ചെയ്ത നിലയിലാണ്.

ആക്രമണത്തിന്റെ കാരണം വ്യക്തമായിട്ടില്ല. ക്വട്ടേഷൻ സംഘമാവാം ആക്രമണത്തിനു പിന്നിലെന്ന് കരുതുന്നതായി പുനലൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കിരൺ കെ.കൃഷ്ണ പറഞ്ഞു.

സംഭവത്തിൽ പുനലൂർ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# അമ്മയും കുഞ്ഞും ഒറ്റകുരുക്കിൽ മരിച്ച സംഭവം: ഭർത്തൃപീഡനമെന്ന് ബന്ധുക്കൾ





കൊടുമൺ: അങ്ങാടിക്കൽ സ്വദേശിയായ യുവതിയെയും കുഞ്ഞിനെയും കയറിന്റെ ഒരേ കുരുക്കിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവം ഭർത്തൃവീട്ടിലെ പീഡനമെന്ന് യുവതിയുടെ ബന്ധുക്കൾ. കൊടുമൺ ഐക്കാട് കരുവിലാക്കോട് ക്ഷേത്രത്തിനു സമീപം സനോജ് ഭവനത്തിൽ സനോജിന്റെ ഭാര്യ ഗംഗ (25), മകൾ അപ്സര(രണ്ടര) എന്നിവരെ ഞായറാഴ്ച വൈകുന്നേരമാണ് ഭർതൃഭവനത്തിലെ കിടപ്പുമുറിയിൽ ഫാനിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. കുഞ്ഞിനെ കൊലപ്പെടുത്തിയ ശേഷം അമ്മയും ആത്മഹത്യ ചെയ്യുകയായിരുന്നുവെന്നാണ് കരുതുന്നത്.

നാലുവർഷം മുൻപ് പ്രണയിച്ച് വിവാഹിതരായവരാണ് സനോജും ഗംഗയും. കൊടുമൺ പൊലീസ് അന്വേഷണം തുടരുകയാണ്.

# ആഡംബരക്കാറിൽ നാവികർ, പ്രതിഷേധവുമായി ജനം

കൊല്ലം: കനത്ത സുരക്ഷയിലാണ് മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന ഇറ്റാലിയൻ കപ്പലിലെ നാവികരെ കഴിഞ്ഞദിവസം മജിസ്ട്രേട്ടിന്റെ വസതിയിൽ എത്തിച്ചത്. ഇതിനു മുൻപു തന്നെ കരുനാഗപ്പള്ളി ചക്കാല റോഡിലുള്ള മജിസ്ട്രേറ്റിന്റെ വസതിക്ക് ഇരുവശവും 50 മീറ്റർ അകലത്തിൽ വടംകെട്ടി പൊലീസ് സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

അറസ്റ്റിലായ ലൊസ്റ്റാറോ മാസ്സി മിലാനോ, സാൽവത്തോറോ ജിലോൺ എന്നീ നാവികർ വെവ്വേറെ പൊലീസ് ആഡംബര കാറുകളിലാണ് വന്നത്. ലൈറ്റ് മെഷീൻ ഗണ്ണുകൾ ഏന്തിയ ക്യൂ.ആർ.ടി. കമാൻഡോകൾ ഒരോരുത്തരുടെയും ഇരുവശവും കാറിൽ അകമ്പടിയായുണ്ടായിരുന്നു. കപ്പലിന്റെ ക്യാപ്റ്റൻ ഉമ്പർട്ടോ വെറ്റോലിക്ക, ഇറ്റാലിയൻ നയതന്ത്ര ഉദ്യോഗസ്ഥൻ ഫ്രാങ്കോ ഫാക്കോഫ്രെവർ, മുതിർന്ന അഭിഭാഷകർ എന്നിവരടങ്ങിയ സംഘം മറ്റ് രണ്ട് ആഡംബര കാറുകളിലും എത്തി. നാവികരെ കാറിൽനിന്ന് ഇറക്കുമ്പോൾ തോക്കുധാരികളായ ഒരുഡസനോളം കമാൻഡോകൾ സുരക്ഷാവലയം ഒരുക്കി.

മജിസ്ട്രേറ്റിന്റെ വസതിവളപ്പിലേക്ക് കടക്കാൻ മാദ്ധ്യമപ്രവർത്തകരെയും അനുവദിച്ചിരുന്നില്ല. പ്രതികളെ റിമാൻഡ് ചെയ്ത് പോലീസ് കസ്റ്റഡിയിൽ വിട്ട ശേഷം കോടതി പരിസരത്ത് പ്രതിഷേധം രൂക്ഷമായി. നാവികരെ പൊലീസ് വാനിൽ കയറ്റുമ്പോൾ പുറത്ത് 'ബ്ലഡി ഇറ്റാലിയൻ ഡോഗ്സ്' എന്ന് മുദ്രാവാക്യം മുഴക്കി യുവജന സംഘടനകൾ പ്രതിഷേധം തുടർന്നു.

# കുന്നിക്കോട് കുടിവെള്ളമെത്തിക്കാൻ 44 കോടിയുടെ പദ്ധതി

പത്തനാപുരം: കുന്നിക്കോട് മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലെ സമ്പൂർണ കുടിവെള്ള വിതരണത്തിനായി 44 കോടി രൂപയുടെ പദ്ധതി.വെട്ടിക്കവല, വിളക്കുടി, മേലില പഞ്ചായത്തുകളിലെ ഒരുലക്ഷത്തോളം പേർക്ക് ഈ പദ്ധതി കൊണ്ട് പ്രയോജനമുണ്ടാവും.

കുണ്ടറ കുടിവെള്ള പദ്ധതിയുമായി ചേർത്ത് ചെറുകിട കുഴൽകിണർ പദ്ധതികളും നിർമിച്ചാണ് മൂന്ന് പഞ്ചായത്തുകളിലും സമ്പൂർണ കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. കല്ലടയാറ്റിൽ നിന്നാണ് ജലമെടുക്കുന്നത്. ഇതിനായി കുണ്ടറ പദ്ധതിയുടെ പുനലൂരിലെ പമ്പ് ഹൗസ് വിപുലീകരിക്കും.

പ്രതിദിനം 8.50 ദശലക്ഷം ലിറ്റർ വെള്ളം ശേഖരിക്കുന്നതിന് പമ്പ് സെറ്റുകളും മറ്റും സ്ഥാപിച്ച് വിളക്കുടി പഞ്ചായത്തിലെ മഞ്ഞമൺകാലയിൽ സ്ഥാപിക്കുന്ന ശുചീകരണ പ്ലാന്റിൽ ജലമെത്തിക്കും.

ഇതിനായി 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമിക്കും. ഇതിൽ നിന്നും നിരപ്പായതും താഴ്ന്ന പ്രദേശങ്ങളിലേക്കും വെള്ളമെത്തിക്കും.

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ ചീവോട് നിർമിക്കുന്ന ടാങ്കിൽ നിന്നും മറ്റു സ്ഥലങ്ങളിലേക്കും വെള്ളമെത്തിക്കും. വെട്ടിക്കവലയിലെ അഞ്ചാനംകുഴിയിലുള്ള 50,000 ലിറ്റർ ടാങ്കിന്റെ സംഭരണശേഷി വർധിപ്പിക്കും.

കോക്കാട് കടുവാപ്പാറയിലുള്ള 5.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്കും പദ്ധതിക്കായി വിനിയോഗിക്കുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു.

## കടയിലേക്ക് ലോറി പാഞ്ഞുകയറി രണ്ടു പേർക്ക് പരിക്ക്

തെന്മല: ഇടമണിൽ ലോറി പാഞ്ഞുകയറി മൂന്നുകടകൾ തകർന്നു. രണ്ടുപേർക്ക് പരിക്കേറ്റു. ഇന്നലെ രാവിലെയാണ് അപകടം.

പച്ചക്കറി ഇറക്കിയശേഷം തമിഴ്നാട്ടിലേക്ക് മടങ്ങിയ ലോറിയാണ് അപകടത്തിൽ പെട്ടത്. വണ്ടിപ്പെട്ടയിൽ വീട്ടിൽ രാജേന്ദ്രന്റെ സ്റ്റേഷനറിക്കട, തുണ്ടത്തിൽ വീട്ടിൽ റഹുമാബീവിയുടെ ചായക്കട, മോഹനന്റെ വർക്ക്ഷോപ്പ് ഓഫീസ് കെട്ടിടം എന്നിവയാണ് തകർന്നത്. കടയുടമ റഹുമാബീവി(52), സാധനം വാങ്ങാനെത്തിയ മുത്ത്മീരാൻ സാഹിബ്(64) എന്നിവർക്കാണ് പരിക്കേറ്റത്.

# റാഗിംഗ്, മർദ്ദനമേറ്റ വിദ്യാർത്ഥികൾ തിരിച്ചെത്തി



കൊട്ടിയം:തൂത്തുക്കുടി സെന്റ് മദർ തെരേസ കോളേജ് ഹോസ്റ്റലിൽ റാഗിങ്ങിനെത്തുടർന്ന് ഒന്നാം വർഷ സിവിൽ എൻജിനിയറിങ് വിദ്യാർത്ഥികൾക്ക് ക്രൂരമർദനം.

കൊല്ലം, പുല്ലിച്ചിറ സ്വദേശികളായ ഷീലാസദനത്തിൽ അനൂപ് (18), വിളയിൽ കിഴക്കതിൽ പോൾസൺ(20), ആൻസി കോട്ടേജിൽ ആഗ്നൽ(17), ആനന്ദവിലാസത്തിൽ സച്ചിൻ(18), മാടൻനട സ്വദേശി ആനന്ദ് അശോക് എന്നിവർക്കാണ് മർദ്ദനമേറ്റത്. മർദ്ദനത്തിൽ ഇവരുടെ മുഖത്തും ശരീരത്തും മുറിവേറ്റിട്ടുണ്ട്. ഹോസ്റ്റലിലെ സീനിയർ മലയാളി വിദ്യാർത്ഥികളാണ് മർദ്ദിച്ചത്. ഞായറാഴ്ച രാത്രി 10 മുതൽ രണ്ടുവരെ ഇവരെ ക്രൂരമായി മർദ്ദിച്ചു. ഇതിനിടെ പണം ആവശ്യപ്പെടുകയും ചെയ്തു. ഇതേത്തുടർന്ന് വിദ്യാർത്ഥികൾ നാട്ടിലേക്കു മടങ്ങുകയായിരുന്നു. ഇവരെ മാതാപിതാക്കൾ ഹോളി ക്രോസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കൊട്ടിയം പോലീസിൽ പരാതി നൽകി.

# തൂക്കുപാലത്തിന് തമ്പകം വനപാലകർ കണ്ടെത്തും, കിഡ്കോ ശേഖരിക്കും; നവീകരണം വൈകാതെ



പുനലൂർ: തൂക്കുപാലത്തിന്റെ നവീകരണത്തിനായി വനത്തിൽ നിന്ന് നൽകാമെന്ന് ധാരണയായ തമ്പകത്തടികൾ വനംവകുപ്പ് കണ്ടെത്തി നൽകും. വീണു കിടക്കുന്ന തടികൾ ആണ് വനംവകുപ്പ് കണ്ടെത്തി നൽകുന്നത്. വനത്തിൽ നിന്നും തടികളെത്തിക്കുന്നതിന്റെ ചെലവ് കിഡ്കോ വഹിക്കാനും തീരുമാനമായി.

കൊല്ലത്തു ചേർന്ന വനപാലകരുടെയും ആർക്കിയോളജി വിഭാഗം ഉദ്യോഗസ്ഥരുടെയും കിഡ്ക്കോ പ്രതിനിധികളുടെയും സംയുക്ത യോഗത്തിലാണ് തീരുമാനമുണ്ടായത്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് വനംമന്ത്രിയായിരുന്ന ബിനോയ് വിശ്വം വനത്തിൽ വീണു കിടക്കുന്ന കമ്പകത്തടികൾ ശേഖരിച്ച് തൂക്കുപാലത്തിന്റെ നവീകരണത്തിന് ഉപയോഗിക്കാൻ വനപാലകർക്ക് നിർദേശം നൽകിയിരുന്നു.

എന്നാൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞില്ല.

തൂക്കുപാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കിഡ്കോ തന്നെ വനത്തിൽ വീണുകിടക്കുന്ന തടികൾ തൂക്കുപാലത്തിന്റെ നവീകരണത്തിനായി എത്തിക്കുന്നതിനുള്ള ചെലവു വഹിക്കാമെന്ന് അറിയിച്ചതോടെയാണ് പ്രതിസന്ധിക്കു പരിഹാരമായത്.

പത്തനാപുരം, പുനലൂർ വനംറേഞ്ചുകളിൽ കമ്പകത്തടികൾ വീണുകിടക്കുന്നുണ്ട്. തടി കണ്ടെത്താനുള്ള നീക്കം വനപാലകർ ശക്തമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്

Vol. 2 Issue No.150. RNI Regd No: KERMAL 14256/11/1/2009- TC. Printed , Published and owned by Kasthuri Mani, T.C. 13/1827-5, Kala Kaumudi Gardens, Kumarapuram, Thiruvananthapuram-695011, Published at Dwarakamadam, Anandavalleeswaram, Thevalli,Kollam- 691009 and Printed by her at Kalakaumudi Press, Thiruvananthapuram -695011. Editor: Sukumaran Mani. Phone: 9562600239. email: bignewstvm@gmail.com.